**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4508** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ സെൻസിറ്റീവ് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 23.10.2019-ലെ മന്ത്രിസഭാ യോഗത്തിൽ എല്ലാ വന്യജീവി സങ്കേതങ്ങളോടും ദേശീയ ഉദ്യാനങ്ങളോടും ചേർന്ന് കിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങൾ കൂടി ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്താനുണ്ടായ തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. 2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോസെൻസിറ്റീവ് സോണിൽ നിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/ അർദ്ധ സർക്കാർ /പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെയും, സർക്കാർ/അർദ്ധ സർക്കാർ/ പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്. |
| (ബി) | പ്രസ്തുത മന്ത്രിസഭാ തീരുമാനം പിന്നീടുള്ള സർക്കാർ തിരുത്തി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ